LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇടുക്കി, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെ 300 പട്ടികജാതി കുടുംബങ്ങൾക്ക് മൃഗസംരക്ഷണ വകുപ്പ് മുഖേന 3 കാളക്കുട്ടികളെ വീതം വിതരണം നടത്തുന്നതിനായി (Male calf Fattening) 2012-13 സാമ്പത്തിക വർഷം 92.661 ലക്ഷം രൂപ മൃഗസംരക്ഷണ വകുപ്പിന് അനുവദിച്ചിരുന്നു. മൃഗസംരക്ഷണ വകുപ്പ് ലഭ്യമാക്കിയ പുരോഗതി റിപ്പോർട്ട് പ്രകാരം പ്രസ്തുത ജില്ലകളിൽ കാളക്കുട്ടികളെ വിതരണം നടത്തപ്പെട്ട പട്ടികജാതി കുടുംബങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

1.	കോട്ടയം	-	32
2.	എറണാകുളം	-	84
3.	ഇടുക്കി	-	44
	ആകെ	-	160

(ബി) ജില്ല തിരിച്ചുള്ള വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

1.	കോട്ടയം	-	9,88,384
2.	എറണാകുളം	-	25,94,508
3.	ഇടുക്കി	-	13,59,028
	ആകെ	-	49,41,920

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

254 (2534) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കൂടുതൽ ഹോസ്റ്റൽ സൗകര്യങ്ങൾ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് ഇ-ഗ്രാന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വേണ്ട ഹോസ്റ്റൽ സൗകര്യങ്ങളുടെ ആവശ്യകതയ്ക്കനുസരിച്ച് നടപടി സ്വീകരിച്ചു വരുന്നുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭവനം

255 (2535) ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റ 2011-ൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് നൽകിയ തുകയെത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷത്തിലും പ്രസ്തുത ഇനത്തിൽ എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണത്തിനായി ഒരു ലക്ഷം രൂപയാണ് ധനസഹായമായി നൽകിവന്നിരുന്നത്. ഈ സർക്കാർ അധികാരമേറ്റശേഷം 2011 സെപ്റ്റംബറിൽ ധനസഹായ തുക 2 ലക്ഷം രൂപയായും 2014-15-ൽ മൂന്ന് ലക്ഷം രൂപയായും വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷത്തിലും ഭവനനിർമ്മാണത്തിനായി ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly